**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2463** **30-09-2025 - ൽ മറുപടിയ്ക്ക്**

**ഗ്രാമപഞ്ചായത്തുകളിൽ കിണർ റീചാർജിങ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജലഗുണനിലവാര പ്രശ്നങ്ങളും ജലക്ഷാമവും പരിഹരിക്കാൻ സാധിക്കുന്ന കിണർ റീചാർജിങ് പദ്ധതി ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത്, പൊതുവെ കുടിവെള്ള ആവശ്യങ്ങൾക്കായി ജനങ്ങൾ ആശ്രയിക്കുന്നത് തുറന്ന കിണറുകളെയാണ്. ആഴം കുറഞ്ഞ ജലസ്രോതസ്സുകളിൽ നിന്നാണ് ഇത്തരം കിണറുകളിൽ വെള്ളം എത്തുന്നത് ജലക്ഷാമമുള്ള പ്രദേശങ്ങളിൽ, ഒരു പ്രദേശത്തെ എല്ലാ കിണറുകളും റീചാർജ്ജ് ചെയ്യുന്നത് ജല ലഭ്യത വർദ്ധിപ്പിക്കുന്നതിനും ജലഗുണനിലവാരം ഉയർത്തുന്നതിനും സഹായകരമാണ്. ഹരിതകേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി, പ്രധാനമായും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് 10491 കിണറുകളിൽ റിചാർജ്ജിംഗ് സംവിധാനം ഒരുക്കിയിട്ടുണ്ട്.<br><br>2025 - 2026 സാമ്പത്തിക (15.09.2025 വരെ )വർഷം 2317 കിണർ റീചാർജിങ് പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | കുടിവെള്ളക്ഷാമം രൂക്ഷമായ ഗ്രാമപഞ്ചായത്തുകളിൽ വരുമാനപരിധി പരിഗണിക്കാതെയോ വരുമാനപരിധിയിൽ ഇളവുകൾ നൽകിയോ എല്ലാ ഭവനങ്ങളിലും കിണർ റീചാർജിങ് പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ? | (ബി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പാർലമെന്റ് പാസാക്കിയ തൊഴിലുറപ്പ് നിയമം 2005, പദ്ധതിയുടെ ആനുവൽ മാസ്റ്റർ സർക്കുലർ, വിവിധ സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കി വരുന്നത്.വ്യക്തിഗത ആസ്തികൾ സൃഷ്ടിക്കുന്ന പ്രവൃത്തികളുടെ മുൻഗണന തീരുമാനിക്കുമ്പോൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ ഷെഡ്യൂൾ - 1 ഖണ്ഡിക 5 ൽ പരാമർശിക്കുന്ന വിഭാഗങ്ങൾക്ക് മുൻഗണന നൽകാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. നിയമത്തിൽ നിർദ്ദേശിച്ചിട്ടുള്ള ഗുണഭോക്താക്കൾക്കാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ പ്രവൃത്തികൾ നടപ്പാക്കുന്നതിൽ മുൻഗണന നിശ്ചയിച്ച് വരുന്നത്. ഇത് കൂടാതെ കെട്ടിട നിർമ്മാണ ചട്ടങ്ങളിലും റിചാർജിംഗ് പ്രവർത്തനങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ